**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 291** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ വരുന്ന ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളും പച്ചക്കറികളും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഈ വരുന്ന ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓണത്തിനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രതിമാസ ഇ-ടെണ്ടറിനു പുറമേ പ്രത്യേകമായി ഇ-ടെണ്ടർ ക്ഷണിച്ച് പർച്ചേസ് ഓർഡറുകൾ നൽകുന്നുണ്ട്. സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി ഈ വർഷം സബ്സിഡി ഇനങ്ങൾക്കു പുറമേ തിരഞ്ഞെടുത്ത സപ്ലൈകോ ശബരി ഉല്പന്നങ്ങൾക്കും ജനപ്രിയ എഫ്.എം.സി.ജി. ഉല്പന്നങ്ങൾക്കും ആകർഷകമായ ഡിസ്കൗണ്ടും ഓഫറുകളും നൽകിക്കൊണ്ട് 2023 ആഗസ്റ്റ് 18 മുതൽ 28 വരെ എല്ലാ ജില്ലകളിലും വിപുലമായ തോതിൽ സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' എന്ന പേരിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' നടത്തുന്നതിന് ജനപ്രിയ ബ്രാൻഡുകളുടെ പ്രമുഖ ഉല്പന്നങ്ങൾ നിലവിൽ നൽകിവരുന്ന ഡിസ്കൗണ്ടിനു പുറമേ 5% മുതൽ 50% വരെ അധിക വിലക്കുറവിൽ വിവിധ ഓഫറുകളോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി, പാൽ ഉല്പന്നങ്ങൾ എന്നിവയ്ക്കും ഓണം ജില്ലാ ഫെയറുകളിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ ആഗസ്റ്റ് 22 മുതൽ 28 വരെ താലൂക്ക് തലത്തിലും പ്രമുഖ സപ്ലൈകോ വില്പനശാലകളോടനുബന്ധിച്ച് പച്ചക്കറി ഉൾപ്പെടെയുള്ള 'ഓണം താലൂക്ക് ഫെയറുകളും' സംഘടിപ്പിക്കുന്നുണ്ട്. ആഗസ്റ്റ് 24 മുതൽ 28 വരെ സപ്ലൈകോയുടെ എല്ലാ വില്പനശാലകളും 'ഓണം മാർക്കറ്റ്'കളായി പ്രവർത്തിക്കുന്നതാണ്. |
| (ബി) | പ്രത്യേക ചന്തകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഈ വരുന്ന ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. ഓണത്തിനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രതിമാസ ഇ-ടെണ്ടറിനു പുറമേ പ്രത്യേകമായി ഇ-ടെണ്ടർ ക്ഷണിച്ച് പർച്ചേസ് ഓർഡറുകൾ നൽകുന്നുണ്ട്. സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി ഈ വർഷം സബ്സിഡി ഇനങ്ങൾക്കു പുറമേ തിരഞ്ഞെടുത്ത സപ്ലൈകോ ശബരി ഉല്പന്നങ്ങൾക്കും ജനപ്രിയ എഫ്.എം.സി.ജി. ഉല്പന്നങ്ങൾക്കും ആകർഷകമായ ഡിസ്കൗണ്ടും ഓഫറുകളും നൽകിക്കൊണ്ട് 2023 ആഗസ്റ്റ് 18 മുതൽ 28 വരെ എല്ലാ ജില്ലകളിലും വിപുലമായ തോതിൽ സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' എന്ന പേരിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' നടത്തുന്നതിന് ജനപ്രിയ ബ്രാൻഡുകളുടെ പ്രമുഖ ഉല്പന്നങ്ങൾ നിലവിൽ നൽകിവരുന്ന ഡിസ്കൗണ്ടിനു പുറമേ 5% മുതൽ 50% വരെ അധിക വിലക്കുറവിൽ വിവിധ ഓഫറുകളോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി, പാൽ ഉല്പന്നങ്ങൾ എന്നിവയ്ക്കും ഓണം ജില്ലാ ഫെയറുകളിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ ആഗസ്റ്റ് 22 മുതൽ 28 വരെ താലൂക്ക് തലത്തിലും പ്രമുഖ സപ്ലൈകോ വില്പനശാലകളോടനുബന്ധിച്ച് പച്ചക്കറി ഉൾപ്പെടെയുള്ള 'ഓണം താലൂക്ക് ഫെയറുകളും' സംഘടിപ്പിക്കുന്നുണ്ട്. ആഗസ്റ്റ് 24 മുതൽ 28 വരെ സപ്ലൈകോയുടെ എല്ലാ വില്പനശാലകളും 'ഓണം മാർക്കറ്റ്'കളായി പ്രവർത്തിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ